ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 17-11-2003-ൽ നിലവിൽ വന്ന പ്രസ്തുത ലിസ്റ്റിൽ നിന്ന് 17-4-2004 വരെ മൂന്ന് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

കെമിസ്ട്രി അദ്ധ്യാപക നിയമനത്തിന് നടപടി

52 [1567] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ്ടു കെമിസ്ട്രി അദ്ധ്യാപക നിയമനത്തിന് പി. എസ്. സി.യുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ബാക്കിയുള്ളവർക്ക് മെമ്മോ അയയ്ക്കാൻ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 201 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

വി. എച്ച്. എസ്. ഇ.യിലേക്ക് സ്ഥിരം അദ്ധ്യാപകർ

53 [1568] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 കൊല്ലമായി സ്ഥിരം അദ്ധ്യാപകരില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന വി. എച്ച്. എസ്. ഇ. യിലേക്ക് പി. എസ്. സി. വഴി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിഷയത്തിലും എത്ര അദ്ധ്യാപകരുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) അടുത്ത സ്കൂൾ വർഷാരംഭത്തിൽ വി.എച്ച്.എസ്.ഇ.-യിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കത്തക്ക രീതിയിൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly